# വിവാദമുണ്ടാക്കി വികസനത്തെ കേരളത്തിൽനിന്നകറ്റുന്നു -മുഖ്യമന്ത്രി

**കോട്ടയം:** മറ്റ് സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പാക്കിയ വികസന പദ്ധതികളെപ്പോലും കേരളത്തിൽ വിവാദമുണ്ടാക്കി പരാജയപ്പെടുത്തുകയാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ഏറെ പ്രതീക്ഷയോടെ ഉദ്ഘാടനം ചെയ്ത ജലവിമാനം പദ്ധതി തനിക്ക് നാണക്കേടായി മാറിയെന്നും മുഖ്യമന്ത്രി പറഞ്ഞു. എക്സൈസ് വകുപ്പും നാളികേര വികസന ബോർഡും ചേർന്ന് നടപ്പാക്കുന്ന നീര പദ്ധതിയും മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണനവും കോട്ടയം ബി.സി.എം കോളജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇവിടെ എതിർത്ത് ഇല്ലാതാക്കിയപ്പോൾ മാലിയിൽ കളിവള്ളം പോലെയാണ് ജലവിമാനമുള്ളത്. അഴിമതിയുടെയും മാഫിയയുടെയും പേരു പറഞ്ഞ് മണൽ പോലും ഇന്ന് കിട്ടാനില്ല. ആവശ്യത്തിലധികം മണൽ നമ്മുടെ കടലിലുണ്ട്. പരിസ്ഥിതിയുടെ പേരിൽ വിവാദമുണ്ടാക്കി അതെടുക്കുന്നത് തടസ്സപ്പെടുത്തി. കോടിക്കണക്കിന് രൂപ വരുമാനം കിട്ടുന്ന ധാതുസമ്പത്ത് നമ്മുടെ കടൽത്തീരത്തുണ്ട്. പക്ഷേ, തർക്കം മൂലം അതുപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണ്.

ചെത്തുതൊഴിലാളികളുടെ താൽപര്യം സംരക്ഷിച്ച് മാത്രമേ നീര പദ്ധതി നടപ്പാക്കൂ. ഉൽപാദനത്തിന് കൂടുതൽ പേർക്ക് ലൈസൻസ് നൽകും. കഴിഞ്ഞ ബജറ്റിൽ നീര പദ്ധതിക്ക് നീക്കിവെച്ച 15 കോടി പൂർണമായും ചെലവഴിക്കും. ഇതിനായി നിർദേശങ്ങൾ നൽകാൻ നാളികേര വികസന ബോർഡ് ചെയർമാനെ ചുമതലപ്പെടുത്തി.

അവഗണിക്കപ്പെട്ട എക്സൈസ് വകുപ്പിന് ആദ്യമായി പ്ലാൻ ഫണ്ട് അനുവദിച്ച് മുഖ്യമന്ത്രി പുതുജീവൻ നൽകിയെന്ന് അധ്യക്ഷത വഹിച്ച മന്ത്രി കെ. ബാബു പറഞ്ഞു.

14 ജില്ലകളിലെ നാളികേര ഫെഡറേഷനുകൾക്ക് നീര ഉൽപാദന ലൈസൻസ് മുഖ്യമന്ത്രി വിതരണം ചെയ്തു.

നീരയുടെ മൂല്യവർധിത ഉൽപന്നങ്ങളായ കേക്ക്, മിഠായി എന്നിവ കെ. ബാബു ചടങ്ങിൽ പുറത്തിറക്കി. പരിശീലനം പൂർത്തിയാക്കിയ നീര ടെക്നീഷ്യന്മാർക്ക് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. അവാർഡ് വിതരണം സുരേഷ് കുറുപ്പ് എം.എൽ.എ നിർവഹിച്ചു. 'ശാസ്ത്രീയമായ നീര ശേഖരണവും സംസ്കരണവും' വിഷയാവതരണവും ലഘുലേഖ പ്രകാശനവും എസ്.സി.എം.എസ് ഗ്രൂപ് ചെയർമാൻ ഡോ. ജി.പി.സി. നായർ നിർവഹിച്ചു.

നഗരസഭ ചെയർമാൻ എം.പി. സന്തോഷ് കുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അഡ്വ. ഫിൽസൺ മാത്യൂസ്, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, ബോർഡ് ഡയറക്ടർ കെ. മുരളീധരൻ, എക്സൈസ് കമീഷണർ അനിൽ സേവ്യർ, വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ, കാർഷിക സർവകലാശാല വി.സി ഡോ.പി. രാജേന്ദ്രൻ, ഡോ. ജി.പി.സി. നായർ, കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി സെക്രട്ടറി ഫാ. മൈക്കിൾ വെട്ടികാട് എന്നിവർ സംസാരിച്ചു.

### പൂർണ റിപ്പോർട്ട് 15 ദിവസത്തിനകം

## ജലവിമാനം മത്സ്യബന്ധനത്തിന് ദോഷകരമല്ലെന്ന് വിദഗ്ധ സമിതി

**എബി തോമസ്**

**കൊച്ചി:** സംസ്ഥാനത്തെ കായലുകളെ ബന്ധിപ്പിച്ച് ടൂറിസം വകുപ്പ് ആവിഷ്കരിച്ച ജലവിമാനം പദ്ധതി മത്സ്യബന്ധനത്തിന് ദോഷകരമാകില്ലെന്ന് വിദഗ്ധ സമിതിയുടെ കണ്ടെത്തൽ. ഇത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കില്ലെന്നും പദ്ധതിയുടെ ആഘാതത്തെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതി കണ്ടെത്തി. ജലവിമാന സർവീസ് നടക്കുന്ന അന്തമാൻ-നികോബാർ ദ്വീപിലടക്കം പഠനം നടത്തിയശേഷം, ഇതുസംബന്ധിച്ച ഇടക്കാല റിപ്പോർട്ട് കഴിഞ്ഞദിവസം സമിതി സർക്കാറിന് നൽകി.

വിനോദ സഞ്ചാരികളെ ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിക്കെതിരെ പ്രതിഷേധവുമായി മത്സ്യത്തൊഴിലാളി സംഘടനകൾ രംഗത്തെത്തിയതോടെ ഉദ്ഘാടനദിനം തന്നെ വിമാനം കരക്കുകയറി. പ്രതിഷേധം രൂക്ഷമായതിനെ തുടർന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിലാണ് വിദഗ്ധ സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചത്. അതേസമയം, ഉൾനാടൻ മത്സ്യസമ്പത്തിന് വൻതോതിൽ ശോഷണം സംഭവിക്കുന്നതായും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ഇത് കണക്കിലെടുത്ത് മത്സ്യസമ്പത്ത് വർധിപ്പിക്കാൻ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ജലവിമാന പദ്ധതിയുടെ ഗുണഭോക്താവ് എന്ന നിലയിൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനം വിപുലപ്പെടുത്താൻ ടൂറിസം വകുപ്പ് 100 കോടിയുടെ പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്നും റിപ്പോർട്ട് നിർദേശിക്കുന്നു. വിമാന സർവീസ് നടന്ന സ്ഥലങ്ങളിൽ കൂടുതൽ മത്സ്യകൃഷി വ്യാപിപ്പിക്കണം. നാമാവശേഷമാകുന്ന മത്സ്യക്കുഞ്ഞുങ്ങളെ കായലുകളിൽ നിക്ഷേപിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

പഠനത്തിൻെറ ഭാഗമായി അന്തമാൻ സന്ദർശിച്ച സംഘം വിമാനം ഉയരുന്നതിനും ഇറങ്ങുന്നതിനും മുമ്പുള്ള സ്ഥിതി, ഓളത്തിൻെറ ശക്തി, സമീപത്തെ മണ്ണിൻെറ ഘടന, ജലജീവികളുടെ സാന്നിധ്യം എന്നിവ പഠനവിധേയമാക്കി. ഇതിനുപുറമെ ഇവിടുത്തെ ഉദ്യോഗസ്ഥരുമായും വിവിധ സംഘടനകളുമായി ചർച്ചയും നടത്തിയ സമിതി ലോകത്തിൻെറ മറ്റുഭാഗങ്ങളിലെ ഇത്തര സർവീസുകളുടെ വിവരങ്ങളും ശേഖരിച്ചാണ് നിഗമനങ്ങളിലെത്തിയത്. അന്തമാനിൽനിന്ന് വിവിധ സാമ്പിളുകളും ശേഖരിച്ച കമ്മിറ്റി ഇത് വിശദപഠനത്തിനായി ഫിഷറീസ് സർവകലാശാലക്ക് കൈമാറിയിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിലാകും അന്തിമറിപ്പോർട്ട് തയാറാക്കുക. 15 ദിവസത്തിനകം പൂർണ റിപ്പോർട്ട് സമർപ്പിക്കുമെന്ന് സമിതിയിലെ മുതിർന്ന അംഗം 'മാധ്യമ'ത്തോട് പറഞ്ഞു. അതേസമയം, സമിതിയുടെ സിറ്റിങ്ങിൽ മത്സ്യത്തൊഴിലാളി സംഘടനകൾ പങ്കെടുത്തിരുന്നില്ല.